ഇസഡ്. എ. അഷറഫ്

എം. എസ്.സി. സ്റ്റാറ്റിസ്റ്റിക്സ് ഫൈനൽ

# മതവിശ്വാസം കാമ്പസിൽ



നമ്മുടെ കാമ്പസിൽ

ദൈവത്തിൻെറ അസ്തിത്വം

അംഗീകരിക്കുന്നവർ എത്ര?

അന്ധവിശ്വാസങ്ങളുടെ

സ്വാധീനം?

ആചാരാനുഷ്ഠാനങ്ങളോടുള്ള

വിധേയത്വം?

സാമുദായിക സൗഹാർദ്ദം

നിലനിർത്തുവതെങ്ങനെ?

**ഒരു വിശകലനം**

മതം ഇന്ന് നമ്മെ ഭയപ്പെടുത്തുകയാണോ? സ്നേഹവും സാഹോദര്യവും മാത്രം നമ്മിലേക്ക് എറിഞ്ഞുതന്ന, വിശാലതയുടെ തലങ്ങൾ നമുക്ക് സമർപ്പിച്ച അതേ മതങ്ങൾ തന്നെ ഭ്രാന്തമായ, വൈകാരികമായ ഒരവസ്ഥയിലേക്ക് മാറപ്പെടുകയായിരുന്നോ?

ഈ അവസ്ഥയിലും പ്രതികരിക്കുന്ന ഒരു യുവത്വം നമുക്കുണ്ടോ? വർഗ്ഗീയതയുടെ ഭീകര മുഖത്തിനെതിരെ വിഹ്വലതയും വിഭ്രാന്തിയും സമ്മാനിച്ച പരുത്ത പ്രതലത്തിൽ നിന്നുകൊണ്ടുതന്നെ അവർ പ്രതികരിക്കുന്നു. കോളേജ് മാഗസിന് വേണ്ടി സ്റ്റാറ്റിസ്റ്റിക്സ് വിദ്യാർത്ഥികൾ നടത്തിയ ഈ സർവ്വേ ഒരു പ്രത്യാശയും പ്രതീക്ഷയുമാണ് നമുക്ക് നൽകുന്നത്.

**വിശ്വാസവും വിദ്യാർത്ഥികളും:-** ഒരു കാലത്ത് യുവാക്കളിൽ കണ്ടുവന്നിരുന്ന നിഷേധ സ്വഭാവം കാരണം വലിയൊരു വിഭാഗം വിദ്യാർത്ഥികൾ മതങ്ങളിൽ നിന്ന് അകന്നിരുന്നു. ഇന്ന് സ്ഥിതി മാറിയിരിക്കുന്നു. ഫാറൂഖ് കോളേജിലെ 87.5% പേരും ഉറച്ച മതവിശ്വാസികളാണെന്ന് സർവ്വെ തെളിയിക്കുന്നു. മതവിശ്വാസത്തോട് തണുപ്പൻ മട്ടിൽ പ്രതികരിക്കുന്നവർ കേവലം 12.5% മാത്രമാണ്.

| | ആൺ | പെൺ |
|---|---|---|
| ഉറച്ച മതവിശ്വാസം | 81.1 | 92.9 |
| മതത്തിൽ വിശ്വാസമില്ലാത്തവർ | 18.9 | 7.1 |

മറ്റൊരു ശ്രദ്ധേയമായ വസ്തുത മുസ്ളിം, കൃസ്ത്യൻ കുടുംബങ്ങളിൽ നിന്നു വരുന്നവരിൽ മതത്തെ നിഷേധിക്കുന്നവർ വളരെ അപൂർവ്വമാണ് എന്നതത്രെ.

**ദൈവത്തിൻെറ അസ്ഥിത്വം:-** കാമ്പസിലെ മഹാഭൂരി പക്ഷം വിദ്യർത്ഥികളും പ്രപഞ്ചത്തിലെ ദൈവത്തിൻെറ സാന്നിധ്യത്തെ അംഗീകരിക്കുകയും ദൈവവും മതവിശ്വാസവും തമ്മിലുള്ള പരസ്പര ബന്ധത്തെ അംഗീകരിക്കുകയും ചെയ്യുന്നു. കാമ്പസുകളിലെ വിശ്വാസരാഹിത്യത്തെ കുറിച്ചും നിഷേധ സ്വഭാവത്തെകുറിച്ചും ഇടതടവില്ലാതെ പ്രബന്ധങ്ങളടിക്കുന്ന മാധ്യമങ്ങളുടെ പ്രചാരണം തീർത്തും തെറ്റാണെന്നാണ് സർവ്വേ വ്യക്തമാക്കുന്നത്.

## മതവിശ്വാസം - ഒരു വിശകലനം

മൊത്തം വിദ്യാർത്ഥികളുടെ 78.2% പേരും ദൈവത്തിൻെറ സാന്നിധ്യം ഉറച്ചു വിശ്വസിക്കുന്നു. അതിൽ പെൺകുട്ടികളാണ് കൂടുതൽ. മാത്രവുമല്ല, ദൈവത്തിൽ വിശ്വസിക്കുന്നവരിൽ 99.6% പേരും ലോകത്തിൻെറ നിയന്ത്രണം ദൈവത്തിൻെറ കൈകളിലാണെന്നും സന്തോഷകരമായ ജീവിതത്തിന് ദൈവവിശ്വാസമാണ് ഏക പോംവഴിയെന്നും വിശ്വസിക്കുന്നു

**അന്ധവിശ്വാസങ്ങളുടെ സ്വാധീനം വിദ്യാർത്ഥികളിൽ:-** പ്രേതം, ഭൂതം തുടങ്ങിയ അന്ധവിശ്വാസങ്ങൾ വിദ്യാർത്ഥികളെ സ്വാധീനിക്കുന്നില്ല. അത്തരം സങ്കൽപ്പങ്ങളിൽ അല്പംപോലും വിശ്വാസമില്ലാത്തവരാണ് വളരെ കൂടുതലും. അപൂർവ്വം ചിലർ ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം നൽകാതെ ഒഴിഞ്ഞുമാറുന്നു.

**മാനുഷിക മൂല്ല്യങ്ങളും മതവും നവീകരിക്കപ്പെടുന്നുവോ?**


മതവിശ്വാസത്തിൻെറ തീവ്രത അഥവാ മൂഢത മനുഷ്യനെ ധാർമ്മിക മൂല്യങ്ങൾ മുറുകെ പിടിക്കുന്നവനാക്കി മാറ്റുമോ? അതെയെന്നാണ് കോളേജിലെ 71% പേരും പറയുന്നത്.ബാക്കി 15% പേർ ഈ വിശ്വാസത്തെ ചോദ്യം ചെയ്യുമ്പോൾ 14 ശതമാനം പേർ നിസംഗത പാലിക്കുന്നു.

മുസ്ളിങ്ങളിൽ 76% പേരും ഹിന്ദുക്കളിൽ 61% പേരും ധാർമ്മിക മൂല്ല്യങ്ങൾ ഉയർത്തി പിടിക്കുന്നത് മതവിശ്വാസങ്ങളാണെന്ന് കരുതുന്നു. ആൺകുട്ടികളിൽ 66.7 % പേരും പെൺകുട്ടികളിൽ 75 ശതമാനം പേരും ഈ വിശ്വാസക്കാരാണ്.

**ധാർമ്മികതയും മതവും അത്രയേറെ പൊരുത്തപ്പെട്ടിരിക്കുന്നുവോ?**

ദൈവത്തിൽ വിശ്വസിക്കാത്തൊരാൾക്കും നന്മയും മാനുഷിക മൂല്ല്യങ്ങളും ഉയർത്തി പിടിക്കുന്ന വ്യക്തിത്വം ഉണ്ടാവുമോ? അഥവാ മനുഷ്യനിലെ സൽസ്വഭാങ്ങൾ ഈശ്വരവിശ്വാസിക്ക് മാത്രം അവകാശപ്പെടാവുന്നതാണോ? കോളേജിലെ 37.5% പേർ ഈ ചോദ്യത്തിന് അതെ എന്ന് ഉത്തരം നൽകുമ്പോൾ 45.5% പേർ ഈ വാദം അംഗീകരിക്കാൻ തയ്യാറല്ല.

| മതവിശ്വാസിയല്ലാത്ത ഒരാൾക്കും നല്ല വ്യക്തിയാകാൻ പറ്റുമോ? | ആൺ | പെൺ | ആകെ |
|---|---|---|---|
| സാധിക്കും | 45% | 31% | 38% |
| സാധ്യമല്ല | 40% | 50% | 45% |
| ഉത്തരമില്ല | 15% | 19% | 17% |



**ആചാര-അനുഷ്ഠാനങ്ങൾ പാലിക്കപ്പെടുന്നതെങ്ങനെ?**

നമ്മുടെ കോളേജിലെ ആൺകുൺകുട്ടികൾ 77.5% പേരും പെൺകുട്ടികളിൽ 80.40% പേരും ആചാര-അനുഷ്ഠാന കാര്യങ്ങളിൽ കൃത്യത പാലിക്കുന്നു. പ്രീഡിഗ്രി വിദ്യാർത്ഥികളാണ് ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധ-പ്രീഡിഗ്രി 71.7 ശതമാനവും ഡിഗ്രി/പി.ജി 85.7 ശതമാനവും.

അനുഷ്ഠാന കർമ്മങ്ങൾ പാലിക്കുന്നതിൽ കൂടുതൽ ശ്രദ്ധിക്കുന്നത് മുസ്ലീങ്ങളാണെന്നത് താഴെ കൊടുത്ത പട്ടിക വ്യക്തമാക്കുന്നു.

| അനുഷ്ഠാനങ്ങൾ പാലിക്കുന്നവർ | |
|---|---|
| മുസ്ലിം | 89.3% |
| ഹിന്ദു | 56.67% |
| കൃസ്ത്യൻ | 50.00% |

വളരെ കൂടുതൽ പേരും മതഗ്രന്ഥങ്ങളെ പിന്തുടരാനും അതനുസരിച്ച് കർമ്മങ്ങളനുഷ്ഠിക്കാനും താല്പര്യപ്പെടുന്നു. അതെ സമയം തന്നെ ആചാര-അനുഷ്ഠാനങ്ങളില്ലാത്ത മതം ജീവനറ്റതാണെന്ന വിശ്വാസമൊന്നും മഹാഭൂരിപക്ഷം വിദ്യാർത്ഥികൾക്കും ഇല്ല. അഥവാ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഇല്ലങ്കിലും മതം നിലനില്ക്കുമെന്ന് വിശ്വസിക്കുന്നവരാണ് ഏറെയും.

ജീവിതത്തിൽ എന്തെങ്കിലും പാപം വന്നുപെട്ടാൽ എങ്ങിനെ അതിൽ നിന്നും മോക്ഷം ലഭിക്കും?. ഉറച്ച പശ്ചാതാപം വഴി പാപഫലം കഴുകികളയാൻ പറ്റുനെന്നാണ് ഏറെപേരും വിശ്വസിക്കുന്നത്.

| പാപം കഴുകികളയാനുള്ള വഴിയെന്ത് ? | | |
|---|---|---|
| 1. | ഉറച്ച പശ്ചാതാപം | 77.78 |
| 2. | മത കേന്ദ്രങ്ങളിലേക്ക് സംഭാവന നല്കുക | 13.58 |
| 3. | തീർത്ഥാടന കേന്ദ്രങ്ങൾ സന്ദർശിക്കുക | 8.64 |

**മതം കാരണമാക്കുന്ന സാമൂഹിക പ്രശ്നങ്ങൾ;-**


വിവിധ മതക്കാരുടെ വൈരുദ്ധ്യവും വൈവിധ്യവുമാർന്ന ആചാരവും അനുഷ്ഠാനങ്ങളും ഒരു രാജ്യത്ത് ശത്രുതയും സംഘർഷവും വിളിച്ചുവരുത്തി? പ്രത്യേകിച്ച് ഇന്ത്യപോലെ ഒരുപാട് മതവിശ്വാസികൾ ഒരുമിച്ച് ജീവിക്കുന്ന ഒരു രാജ്യത്ത്?.

അങ്ങിനെയുണ്ടാവില്ലയെന്നാണ് 35.7% പേരും വിശ്വസിക്കുന്നത്.33.2 ശതമാനം വിദ്യർത്ഥികൾ അങ്ങിനെ സംഭവിക്കാൻ സാധ്യത കണ്ടെത്തുമ്പോൾ 30.9% വിദ്യാർത്ഥികൾ ഗൗരവപരമായ ഈ ചോദ്യത്തിന് ഉത്തരം നൽകാതെ ഒഴിഞ്ഞ് മാറുന്നു.

| വ്യത്യസ്ഥ ആചാരങ്ങൾ സംഘർഷം സൃഷ്ടിക്കുമോ? | | | |
|---|---|---|---|
| | സൃഷ്ടിക്കും | സൃഷ്ടിക്കില്ല | അറിയില്ല |
| മുസ്ലീം | 33.93% | 41.07% | 25.00% |
| ഹിന്ദു | 32.14% | 25.00% | 42.86% |

അഥവാ ഇങ്ങനെ ആചാരനുഷ്ഠാനങ്ങളുടെ വൈരുദ്ധ്യം രൂക്ഷമായ സംഘർഷത്തിലേക്ക് വഴിതെളിക്കപ്പെടുകയാണെങ്കിൽ നാം എന്തു ചെയ്യണം.? മതാചാരങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തണമെന്ന് അഭിപ്രായപ്പെടുന്നവർ വളരെ തുച്ഛമാണ്. കൂടുതൽ പേരും അഭിപ്രായപ്പെട്ടത് ബലം പ്രയോഗിച്ച് സംഘർഷങ്ങളെ ലഘൂകരിക്കാനാണ്.





**മതവും രാഷ്ട്രീയവും:-** മതം വേറെയും രാഷ്ട്രീയം വേറെയും ആണോ? അതോ ഇന്ത്യ പോലുള്ള ഒരു രാജ്യത്ത് മതവും രാഷ്ട്രീയവും കൂടുകലർത്തേണ്ടതുണ്ടോ?

കാമ്പസിലെ 64.4% പേരും മരത്തെയും രാഷ്ട്രീയത്തെയും വേർതിരിച്ചു കാണാൻ തയ്യാറല്ല. ഇവ രണ്ടും പരസ്പരം ബന്ധപ്പെട്ടതാണെന്ന് അവർ വിശ്വസിക്കുന്നു. ഈ കാര്യത്തിൽ ഡിഗ്രിയെന്നോ പ്രീഡിഗ്രിയെന്നോ, ആൺകുട്ടിയെന്നോ പെൺകുട്ടിയെന്നോ വ്യത്യാസമില്ലാതെ അതെയെന്ന ഉത്തരം നൽക്കുന്നവരാണ് കൂടുതലും.

മതവും രാഷ് ട്രീയവും കൂടിക്കലർന്നിട്ടുണ്ടോ?

| | ആൺകുട്ടികൾ | | പെൺകുട്ടികൾ | |
|---|---|---|---|---|
| | പ്രിഡിഗ്രി | ഡിഗ്രി | പ്രിഡിഗ്രി | ഡിഗ്രി |
| അതെ | 67.9 | 83.33 | 50.00 | 66.6 |
| അല്ല | 17.9 | 8.33 | 38.50 | 28.6 |
| ഉത്തരമില്ല | 14.2 | 8.33 | 11.50 | 4.8 |

*ഉത്തരം ശതമാനത്തിൽ

**സാമുദായിക സൗഹാർദ്ദം എങ്ങിനെ നിലനിർത്താം?**

ഭീതിജനകമായ ഒരന്തരീക്ഷത്തിലേക്ക് വഴുതിപോവാതെ എങ്ങിനെ നമ്മുടെ നാടിൻെറ സമാധാനം നിലനിർത്താം? മതപരമായ വർഗ്ഗീയ സംഘട്ടനങ്ങൾ ഇല്ലാതെ എങ്ങിനെ നല്ലൊരു നാടിനെ നമുക്ക് സൃഷ്ടിച്ചെടുക്കാം? പരസ്പര വിശ്വാസമാർജ്ജിക്കാൻ, ഭരണകൂടത്തിൻെറ കടുത്ത നടപടി തുടങ്ങിയ അനവധി വഴികളുള്ളപ്പോൾ നാം ഏതു തിരഞ്ഞെടുക്കും.

ആൺകുട്ടികളിൽ 27.5 ശതമാനം പേരും പരസ്പര ചർച്ച നിർദ്ദേശിക്കുമ്പോൾ 17.5% പേർ പരസ്പരം വിശ്വാസമാർജ്ജിക്കുന്നതാണ് ഉത്തമമെന്ന് കരുതുന്നു. ബാക്കി 55% പേരും നിർദ്ദേശിക്കുന്നത് ഭരണകൂടത്തോട് ശക്തമായ നടപടികളുമായി മുന്നോട്ടുപോവാനാണ്.

പെൺകുട്ടികളിൽ 22.6% പേർ പരസ്പര ചർച്ചയും 33.9% പേർ പരസ്പര വിശ്വാസവും 33.9% പേർ ഗവൺമെൻറ് നടപടിയും നിർദ്ദേശിക്കുന്നു.

വർഗ്ഗീയതെക്കെതിരിലും മതഭ്രാന്തിനെതിരെയും നമ്മുടെ കാമ്പസ് പ്രതികരിക്കുന്നുണ്ട്. ഇതിലുമപ്പുറം നാം കാണാതെ പോകുന്ന ചിലതുണ്ട്-രാഷ്ടീയമായും അന്താരാഷ്ട്രീയമായും ഏറെ ചർച്ചചെയ്യപ്പെടുന്ന വിഷയത്തിൽ പോലും നിസംഗത പുലർത്തുന്ന വിദ്യാർത്ഥികൾ നമുക്കിടയിൽ കുറവല്ല എന്ന സത്യം ഇത്തരം കുറ്റകരമായ നിസംഗതയാണ് പല സമൂഹങ്ങളെയും ചരിത്രത്തിൻെറ ചവറ്റുകൊട്ടയിലേക്ക് എടുത്തെറിയപ്പെടാൻ ഇടയാക്കിയത്. കാമ്പസുകൾ സമൂഹത്തിൻെറ കണ്ണാടിയാണല്ലോ നമ്മുടെ സമൂഹം അങ്ങിനെയൊന്നുമായിപോവില്ലായെന്ന് നമുക്ക് പ്രത്യാശിക്കാം. ●

സാമുദായിക സമാധാനം എങ്ങിനെ നിലനിർത്താം? [*]

| | ആൺ | | | പെൺ | | |
|---|---|---|---|---|---|---|
| | മുസ് ളിം | ഹിന്ദു | കൃസ്ത്യ ൻ | മുസ് ളിം | ഹിന്ദു | കൃസ്ത്യ ൻ |
| ചർച്ചകളിലൂടെ | 26.3 | 25.00 | 100 | 33.3 | 16.7 | - |
| പരസ്പര വിശ്വാസത്തിലൂടെ | 21.7 | 12.5 | - | 30.00 | 33.3 | - |
| ഭരണകൂടത്തിൻെറ കടുത്ത നടപടി വഴി | 52.00 | 62.5 | - | 36.7 | 50.00 | 100 |

[*] ഉത്തരം ശതമാനത്തിൽ